**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 846** 24-02-2022 - ൽ മറുപടിയ്ക്ക്

**തിരുവിതാംകൂർ ദേവസ്വം ബോർഡിലെ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ക്രമക്കേടുകൾ ഒന്നൊന്നായി പുറത്തു വരുന്നതിനിടെ തിരുവിതാംകൂർ ദേവസ്വം ബോർഡ് വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡ് വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം നിലച്ചിട്ടില്ല. സൂപ്രണ്ട് ഓഫ് പോലീസ് റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥൻ അന്യത്രസേവന വ്യവസ്ഥയിൽ ചീഫ് വിജിലൻസ് ആഫീസറായി പ്രവൃത്തിയെടുക്കുന്നുണ്ട്. കൂടാതെ ബോർഡിലെ അസിസ്റ്റന്റ് കമ്മീഷണർ കേഡറിലുള്ള 3 വിജിലൻസ് ആഫീസർമാർ തിരുവനന്തപുരം, മാവേലിക്കര, വൈക്കം വിജിലൻസ് സോണുകളിൽ പ്രവൃത്തിയെടുക്കുന്നുണ്ട്. അത് കൂടാതെ ഒരു പോലീസ് സബ്ഇൻസ്പെക്ടറും തിരുവനന്തപുരം സോണിൽ അന്യത്രസേവന വ്യവസ്ഥയിൽ പ്രവൃത്തിയെടുക്കുന്നുണ്ട്. നിലവിൽ ഒഴിവുള്ള 2 പോലീസ് സബ്ഇൻസ്പെക്ടർ തസ്തികയിലും 3 സിവിൽ പോലീസ് ആഫീസർ തസ്തികകളിലും അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. |
| (ബി) | നിലവിൽ അന്യത്ര സേവന വ്യവസ്ഥയിൽ ദേവസ്വം വിജിലൻസിൽ പ്രവർത്തിച്ചിരുന്ന പോലീസ് ഉദ്യോഗസ്ഥരെ തിരിച്ചയച്ചതിന്റെ കാരണം വ്യക്തമാക്കുമോ ; | (ബി) | അന്യത്രസേവന വ്യവസ്ഥയിൽ 3 മുതൽ 4 വർഷം വരെ തുടർച്ചയായി സേവനമനുഷ്ഠിച്ചിരുന്ന 2 പോലീസ് സബ്ഇൻസ്പെക്ടർമാരുടെയും 2 സിവിൽ പോലീസ് ആഫീസർമാരുടെയും അന്യത്രസേവന കാലാവധി 20-01-2022 ൽ അവസാനിച്ചതിനെത്തുടർന്ന് മാതൃവകുപ്പിലേക്ക് തിരികെ അയച്ചിട്ടുണ്ട്. പ്രസ്തുത തസ്തികകളിലേയ്ക്ക് പുതിയ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | 2018 -2019 വർഷത്തിലെ ശബരിമല തീർത്ഥാടന സമയത്ത് നിലയ്ക്കലിൽ ദേവസ്വം മെസ്സിന്റെ പേരിലെ പണം തട്ടിപ്പ്, മാവേലിക്കര ഡിവിഷനിൽ ചെയ്യാത്ത മരാമത്ത് പണിക്ക് പണം എഴുതി കൊടുക്കൽ, ശംഖുംമുഖം ക്ഷേത്രത്തിൽ | (സി) | നിലയ്ക്കലിൽ ദേവസ്വം മെസ്സ് നടത്തിപ്പിലെ അഴിമതി ആരോപണം സംബന്ധിച്ച് ദേവസ്വം വിജിലൻസ് റിപ്പോർട്ട് പ്രകാരം പ്രധാനമായും കുറ്റാരോപിതനായ അഡ്മിനിസ്ട്രേറ്റീവ് ആഫീസറെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് അച്ചടക്ക നടപടി |

| | | | |
|---|---|---|---|
| | തിരുവാഭരണത്തിന്റെ ഭാഗം കാണാതായത് തുടങ്ങിയ ക്രമക്കേടുകളുടെ അന്വേഷണം എവിടെയെത്തിയെന്ന് എന്ന് വ്യക്തമാക്കുമോ ? | | സ്വീകരിച്ചുവരികായാണ്. ടി വിഷയവുമായി ബന്ധപ്പെട്ട് അഡ്മിനിസ്ട്രേറ്റീവ് ആഫീസറെ കൂടാതെ 3 ഉദ്യോഗസ്ഥർക്ക് കൂടി കുറ്റപത്രം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ സ്റ്റേറ്റ് വിജിലൻസ് വിഭാഗം മേൽ 4 ഉദ്യോഗസ്ഥരുടെയും പേരിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. മാവേലിക്കര ഡിവിഷനിലെ മരാമത്ത് പണികളിലെ ക്രമക്കേടുകൾ സംബന്ധിച്ച് ദേവസ്വം വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല അച്ചടക്ക നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന് സംസ്ഥാന വിജിലൻസിനോട് 15-12-2021 ന് ബോർഡ് അഭ്യർത്ഥിച്ചിട്ടുമുണ്ട്. ശംഖുമുഖം ക്ഷേത്രത്തിലെ തിരുവാഭരണം നഷ്ടപ്പെട്ടുവെന്ന ആരോപണം സംബന്ധിച്ച് ദേവസ്വം വിജിലൻസ് റിപ്പോർട്ട് പ്രകാരം കുറ്റാരോപിതരുടെ പേരിൽ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ